# നീര ഉൽപാദനത്തിന് അന്തിമാനുമതി; കേരാമൃതം വിപണിയിലേക്ക്

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം ● തെങ്ങിൽ നിന്നു നീര ഉൽപാദിപ്പിക്കാൻ അന്തിമാനുമതിയായി. കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ കേരാമൃതം എന്ന പേരിലാണുപ നീര വിപണിയിലെത്തിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം ആറിനു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കും.

അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള എക്സൈസ് വകുപ്പിന്റെ ശുപാർശ നിയമവകുപ്പ് അംഗീകരിച്ചതോടെയാണു നടപടിക്രമങ്ങൾ പൂർത്തിയായത്.

ഏറെക്കാലത്തെ ചർച്ചകൾക്കും വിവാദങ്ങൾക്കും ശേഷമാണു കേരളം നീര ഉൽപാദനത്തിനൊരുങ്ങുന്നത്. 40 ലക്ഷത്തോളം കേരകർഷകർക്കു നീര പുതിയ വരുമാനമാർഗമാകുമെന്നാണു പ്രതീക്ഷ.

തെങ്ങിൻ പൂക്കുലയിൽ നിന്നു നീര് ചെത്തിയെടുത്തു പുളിച്ചുപോകാതെ സംസ്കരിച്ചെടുക്കുന്ന മദ്യാംശമില്ലാത്ത പാനീയമാണു നീര. വിറ്റമിൻ സി, കാൽസ്യം, ഫോസ്ഫറസ്, ഇരുമ്പ് തുടങ്ങിയ പോഷകാംശങ്ങൾ അടങ്ങിയ പാനീയം ഇളനീരിനെക്കാൾ രുചിയേറിയതാണ്.

ഒരു തെങ്ങിൽ നിന്ന് ആറു മാസം നീരയും ബാക്കി ആറു മാസം നാളികേരവും ഉൽപാദിപ്പിക്കാനാകുമെന്നാണു കാർഷിക സർവകലാശാലയുടെ കണ്ടെത്തൽ. നീര ഉൽപാദനത്തിലൂടെ ഒരു തെങ്ങിൽ നിന്നു മാസം 1000 രൂപ വരെ കർഷകർക്കു വരുമാനമുണ്ടാക്കാനാകും.

നാളികേര വികസന ബോർഡിനു കീഴിൽ രൂപവൽക്കരിക്കുന്ന സൊസൈറ്റികൾക്കാണു നീര ചെത്താൻ അനുമതി നൽകുക. നിലവിലുള്ള കള്ള്ചെത്തു തൊഴിലാളികൾക്കു നീര ചെത്താൻ മുൻഗണന നൽകണമെന്നതടക്കമുള്ള ശുപാർശകൾ നേരത്തെ സർക്കാർ അംഗീകരിച്ചിരുന്നു.